# നീരയ്ക്ക് ധനമന്ത്രിയുടെ പച്ചക്കൊടി

**കോട്ടയം:** കേരകർഷകന് കൂടുതൽ വരുമാനം നൽകുന്ന നീര ഉത്പാദനത്തിന് ധനമന്ത്രി കെ.എം.മാണിയും പച്ചക്കൊടി കാട്ടിയതോടെ പദ്ധതിപ്രവർത്തനങ്ങൾക്ക് വേഗം കൂടുമെന്ന് പ്രതീക്ഷ. വിപണനത്തിന് സർക്കാർ ഉത്തരവുകൂടി ഇറങ്ങിയാൽ കേരളപ്പിറവിദിനത്തിൽ നീര വിപണിയിലിറക്കാൻ കഴിയും.

നീര ഉത്പാദനം ആരംഭിക്കുന്നതിൻെറ ഭാഗമായി തിരഞ്ഞെടുത്ത മുപ്പതുപേർക്ക് ലോക നാളികേരദിനമായ സപ്തംബർ രണ്ടിന് ആദ്യഘട്ടപരിശീലനം നൽകാനും തീരുമാനമായി.